# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1800    14.08.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകൾ എത്രയെന്നും ഇവയിൽ എത്ര കേസുകളിലാണ് പ്രതികളെ പിടികൂടിയിട്ടുള്ളതെന്നും ഇനി എത്ര കേസുകളിൽ കുറ്റവാളികളെ അറസ്റ്റ് ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 17819 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 15474 കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്. 2345 കേസുകളിൽ കുറ്റവാളികളെ അറസ്റ്റ് ചെയ്യാനുണ്ട്. |
| (ബി) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിന്റെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷക്കായി വനിതാ സെല്ലുകളും, 24 മണിക്കൂറും പ്രവർത്തിച്ചുവരുന്ന വനിത ഹെൽപ്പ് ലൈനുകളും നിലവിലുണ്ട്. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക, പൂവാലശല്യം ഒഴിവാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ അടിയന്തിര സഹായം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി പിങ്ക് ബീറ്റ്, പിങ്ക് പട്രോൾ എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ "Woman Self Defence Training Programme" എന്ന പദ്ധതിയും നടത്തിവരുന്നുണ്ട്. ഈ പരിശീലന പരിപാടിയിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥിനികൾ, വീട്ടമ്മമാർ, പലവിധ ഓഫീസിൽ നിന്നുള്ള സ്ത്രീകൾ, കുടുംബശ്രീ യൂണിറ്റ് മെമ്പർമാർ എന്നിവർക്ക് പരിശീലനം നൽകിവരുന്നു. കുടുംബശ്രീ. റസിഡൻസ് അസോസിയേഷനുകൾ, സ്കൂൾ, കോളേജ് എന്നീ തലങ്ങളിൽ |

ബോധവത്കരണ ക്ലാസുകൾ നടത്തിവരുകയും ചെയ്യുന്നുണ്ട്. ഇത്തരം നടപടികൾ സ്വീകരിച്ചതിന്റെ ഫലപ്രാപ്തി ഉന്നത ഉദ്യോഗസ്ഥ തലത്തിൽ എല്ലാ മാസവും അവലോകനം ചെയ്യുകയും ചെയ്തുവരുന്നു. മേൽപ്രവർത്തനങ്ങളിലൂടെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിലോ പോലീസ് വകുപ്പിന്റെ ഓഫീസുകളിലോ, അപേക്ഷ സമർപ്പിക്കുന്നതിനോ ഉദ്യോഗസ്ഥരെ നേരിൽ കാണുന്നതിനോ എത്തിയ ഏതെങ്കിലും വനിതകൾക്ക നേരെ പോലീസിന്റെ ഭാഗത്ത് നിന്നും കയ്യേറ്റമുണ്ടായ സംഭവം നടന്നിട്ടുണ്ടോ; എങ്കിൽ ഇത് സ്ത്രീ സുരക്ഷ സംബന്ധിച്ച സർക്കാർ നയത്തിനെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(സി) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിലോ പോലീസ് വകുപ്പിന്റെ ഓഫീസുകളിലോ അപേക്ഷ സമർപ്പിക്കുന്നതിനോ ഉദ്യോഗസ്ഥരെ നേരിൽ കാണുന്നതിനോ എത്തിയ ഏതെങ്കിലും വനിതകൾക്കുനേരെ പോലീസിന്റെ ഭാഗത്ത് നിന്നും കയ്യേറ്റമുണ്ടായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ.